പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3476</u> <u>25.06.2012 ൽ മറുപടിക്ക്</u>

<u>അന്വേഷണത്തിലിരിക്കുന്ന കേസുകളിലെ മൊഴികൾ റിപ്പോർട്ട് ചെയ്യുന്നതിലെ നിയമസാധുത</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ക്രിമിനൽ കേസ് അന്വേഷണം തുടങ്ങി കോടതിയിലെത്തുന്നത് വരെ അന്വേഷണ വിവരങ്ങളും, കേസിലെ സാക്ഷികളുടെയും കസ്റ്റഡിയിലുള്ള വരുടെയും മൊഴികളും മാധ്യമങ്ങളിലൂടെ വരുന്നത് കോടതിയലക്ഷ്യമായി കണക്കാക്കുമോ; വ്യക്തമാക്കുമോ; | (എ) ക്രിമിനൽ കേസ് അന്വേഷണം തുടങ്ങി കോടതിയിൽ എത്തുന്നതുവരെ അന്വേഷണ വിവരങ്ങളും, കേസിലെ സാക്ഷികളുടെയും കസ്റ്റഡിയിലുള്ളവരുടെയും മൊഴികളും മാധ്യമങ്ങളിലൂടെ വരുന്നത് കോടതിയലക്ഷ്യമായി കണക്കാക്കാവുന്നതല്ല. 1971 ലെ കോർട്ടലക്ഷ്യ ആക്റ്റ് 3-ാം വകുപ്പിലെ 2-ാം ഉപ വകുപ്പും, അതിനു ചുവടെയുള്ള വിശദീകരണത്തിലും പ്രതിപാദിച്ചിട്ടുള്ളതുപോലെ ഒരു ക്രിമിനൽ കേസിൽ, ചാർജ്ജ് ഷീറ്റോ അല്ലെങ്കിൽ ചെല്ലാനോ ഫയൽ ചെയ്യുന്നതിനോ അല്ലെങ്കിൽ സമൻസോ വാറണ്ടോ പുറപ്പെടുവിക്കുന്ന തീയതിയ്ക്ക് മുൻപ് മാധ്യമങ്ങളിലൂടെയുള്ള പ്രസിദ്ധീകരണങ്ങൾ കോർട്ടലക്ഷ്യമായി കണക്കാക്കാൻ സാധിക്കുകയില്ല. |
| (ബി) ആയത് തടയേണ്ടത് സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും ഉത്തരവാദിത്വമാണോ; ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ; | (ബി) സാധാരണ ഗതിയിൽ കേസുകളിൽ അന്വേഷണ വിവരങ്ങൾ പുറത്തുവിടാറില്ല. എന്നാൽ കുറ്റാന്വേഷണപുരോഗതിക്കായോ പൊതുജനങ്ങളുടെ അറിവിലേക്കും, സുരക്ഷയ്ക്കുമായോ ആവശ്യമെങ്കിൽ അതുമായി ബന്ധപ്പെട്ട വിവരങ്ങൾ മാത്രം പുറത്തുവിടാറുണ്ട്. |
| (സി) ഇത് സംബന്ധിച്ച കോടതിവിധികൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ? | (സി) ചോദ്യത്തിലെ സാഹചര്യവുമായി ബന്ധപ്പെട്ട കോടതി വിധികൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ